"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ്-ചെറുകിട ജലസേചനം-കോഴിക്കോട് ജില്ലയിലെ കല്ലറക്കൽ തോട് ഡ്രെയിനേജ് കം ഫുട്പാത്ത് എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (എം.ഐ) വകുപ്പ്**

സ.ഉ.(സാധാ) നം.462/2024/WRD    തീയതി,തിരുവനന്തപുരം, 19-06-2024

---

പരാമർശം:-
1. സ ഉ(സാധാ) 8232/2023/ധന തീയതി 23/11/2023
2. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 16/02/2024 തീയതിയിലെ CEIA/722/2024/W6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2022-23 സാമ്പത്തിക വർഷത്തിലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-2 മരാമത്ത് പണികളുടെ വോള്യം 2-ൽ ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ ക്രമനമ്പർ 2056 ആയി 'വടകര ആർ.ഡി.ഒ. ഓഫീസ് കെട്ടിട നിർമ്മാണം' എന്ന പ്രവൃത്തിക്ക് 150 ലക്ഷം രൂപ അടങ്കൽ കണക്കാക്കി ആയതിന്റെ 20% തുക വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് പകരമായി ജലവിഭവ വകുപ്പിന്റെ കിഴിലുള്ള 'കല്ലറക്കൽ തോട് ഡ്രെയിനേജ് കം ഫുട്പാത്ത്' എന്ന പ്രവൃത്തി ഉൾപ്പെടുത്തുവാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2.കല്ലറക്കൽ തോട് ഡ്രെയിനേജ് കം ഫുട്പാത്ത്എന്ന പ്രവൃത്തിയ്ക്ക് 2702-03-101-98-03-34-03 Repairs to Flood Damage എന്ന ശീർഷകത്തിൽ അധിക തുക വകയിരുത്തി 150.00ലക്ഷം (നൂറ്റമ്പത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡി.എസ്.ആർ 2018 പ്രകാരം തയ്യാറാക്കിയ വിശദമായ പദ്ധതി രേഖ(DPR) ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ പരാമർശം (2)-ലെ കത്ത് പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.2022-23 വർക്ക് ബഡ്ജറ്റിൽ ക്രമനമ്പർ 2056 ആയി ഉൾപ്പെട്ട കോഴിക്കോട് ജില്ലയിലെ 'വടകര ആർ.ഡി.ഒ. ഓഫീസ് കെട്ടിട നിർമ്മാണം' എന്ന പ്രവൃത്തിക്ക് പകരമായി ചേർത്തിട്ടുള്ള 'കല്ലറക്കൽ തോട് ഡ്രെയിനേജ് കം ഫുട്പാത്ത്' എന്ന പ്രവൃത്തിക്ക് (അടങ്കൽ തുകയായ 150 ലക്ഷം രൂപയുടെ 20% തുകയായ ₹30,00,000/- രൂപ വകയിരുത്തിയിട്ടുള്ളതായതിനാൽ) 2702-03-101-98-03-34-03 Repairs to Flood Damage-NVഎന്ന ശീർഷകത്തിലെ നടപ്പ സാമ്പത്തിക വർഷത്തെ (2024-25) വിഹിതത്തിൽ നിന്നും 150ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA K

ജോയിന്റ് സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ,ജലസേചനവും ഭരണവും ,തിരുവനന്തപുരം

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്) കേരളം, തിരുവനന്തപുരം

3.സൂപ്രണ്ടിംഗ് എഞ്ചിനീയർ,മൈനർ ഇറിഗേഷൻ സർക്കിൾ,കോഴിക്കോട്

4.ധനകാര്യ വകുപ്പ് (നം.2727024/Agri-A1/60/2024-FIN dated 08/04/2024)

5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പിന്

6. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sandhya S Nair

Date: 20-06-2024 12:26:38

സെക്ഷൻ ഓഫീസർ

പകർപ്പ്.

ജലവിഭവവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ജലവിഭവവകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്